**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1941** **29-07-2021 - ൽ മറുപടിയ്ക്ക്**

**110 കെ.വി സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലക്കോട് പഞ്ചായത്തിലെ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | ആലക്കോട് പഞ്ചായത്തിൽ ഉൾപ്പെട്ട തിമിരിയിൽ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിയ്ക്കാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള സ്ഥലം സംബന്ധിച്ചും 110 കെ.വി ലൈൻ സംബന്ധിച്ചുമുള്ള പ്രാഥമിക പരിശോധനകളും അനുബന്ധ നടപടികളും പുരോഗമിക്കുകയാണ്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ആരംഭിച്ചിട്ടുണ്ട്. തിമിരി വില്ലേജിൽ സ്ഥലങ്ങൾ കണ്ടെത്തിയതിൽ ഏറ്റവും അനുയോജ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. |
| (സി) | സബ്സ്റ്റേഷൻ നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സ്ഥലം ഏറ്റെടുക്കുന്നതോടെ നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ